# LAL BAHADUR SHASTRI COLLEGE OF ENGINEERING

*(A Government of Kerala Undertaking)*

P.O. MULIYAR, KASARAGOD DT., KERALA - 671542

PHONE : 04994 - 250290, 250555, 251566, 251800

Tele Fax : 04994 -250400, Website : www.lbscek.ac.in, E-mail : principallbscek@gmail.com


150 YEARS OF CELEBRATING THE MAHATMA

*Ref* *Date:*.........................................

09-12-'24

No: D-1738/2024

## ലഘുദർഘാസ്/ലേല നോട്ടീസ്

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കാസറഗോഡ് കോളേജിൽ ഇപ്പോൾ ഉപയോഗത്തിലുള്ള KL-01- AX-4914 ബൊലേറൊ ജീപ്പ് (LMV MOTOR CAR) നിലവിലുള്ള അവസ്ഥയിൽ ലേലം ചെയ്തു വിൽക്കുന്നതിന് മുദ്രവെച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും 17.12.24നു ഉച്ച തിരിഞ്ഞു 2 മണി. ലേലം ഉച്ച തിരിഞ്ഞു 3 മണി. നിരതദ്രവ്യം: 5000/- രൂപ

കൂടുതൽ വിവരങ്ങൾക് www.lbscek.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്

പ്രിൻസിപ്പൽ

ADMINISTRATIVE OFFICER

LBS COLLEGE OF ENGINEERING

KASARAGOD

L.B.S. COLLEGE OF ENGINEERING (A GOVT. OF KERALA UNDERTAKING) KASARAGOD

# LAL BAHADUR SHASTRI COLLEGE OF ENGINEERING

*(A Government of Kerala Undertaking)*

P.O. MULIYAR, KASARAGOD DT., KERALA - 671542

PHONE : 04994 - 250290, 250555, 251566, 251800

Tele Fax : 04994 -250400, Website : www.lbscek.ac.in, E-mail : principallbscek@gmail.com


150 YEARS OF CELEBRATING THE MAHATMA

Ref No: D-1738/2024 Date 09-12-'24

## ലഘുദർഘാസ്/ലേല നോട്ടീസ്

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കാസറഗോഡ് കോളേജിൽ ഇപ്പോൾ ഉപയോഗത്തിലുള്ള 2010 മോഡൽ KL-01- AX-4914 ബൊലേറൊ ജീപ്പ് (LMV MOTOR CAR) നിലവിലുള്ള അവസ്ഥയിൽ ദർഘാസ് സ്വീകരിച്ചു പരസ്യമായി ലേലം ചെയ്യുന്നു.

മുദ്ര വെച്ച ക്വട്ടേഷനുകൾ നിരതദ്രവ്യമുൾപ്പെടെ പ്രിൻസിപ്പൽ, എൽ.ബി.എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസർഗോഡ് എന്ന വിലാസത്തിൽ എഴുതി 17.12.2024 തീയതി ഉച്ചതിരിഞ്ഞു 2 മണിക്ക് മുൻപായി കോളേജ് ഓഫിസിൽ ഏല്പിക്കേണ്ടതാണ്. 17.12.2024 ഉച്ചതിരിഞ്ഞു 3 മണിക്ക് എൽ.ബി.എസ് കോളേജിൽ വെച്ച് ലേല നടപടികൾ ആരംഭിക്കുന്നതാണ്.

നിബന്ധനകൾ:

1. ക്വട്ടേഷൻ സമർപ്പിക്കുവാൻ താല്പര്യമുള്ള വ്യക്തികളുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഉൾപ്പെടെ ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവർ പ്രിൻസിപ്പൽ, എൽ.ബി.എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്ന വിലാസം എഴുതി 17.12.2024 ഉച്ചതിരിഞ്ഞു 2 മണിക്ക് മുൻപായി എൽ.ബി.എസ്. കോളേജ് പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതാണ്.
2. ലേലം ചെയ്യുന്ന നമ്പർ KL-01- AX-4914 2010 മോഡൽ ബൊലേറോ ജീപ്പ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.30 മണി മുതൽ വൈകുന്നേരം 4.30 മണി വരെയുള്ള സമയത്തു നേരിട്ട് പരിശോധിക്കാവുന്നതാണ്.
3. നിരതദ്രവ്യ തുകയായ 5000 രൂപ ഡയറക്ടർ, എൽ.ബി.എസ് സെന്ററിന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പം മറ്റൊരു കവറിൽ സമർപ്പിക്കേണ്ടതാണ്
4. ക്വട്ടേഷൻ സമർപ്പിച്ചവർ 17.12.2024നു ഉച്ചതിരിഞ്ഞ് 3 മണിക്ക് എൽ.ബി.എസ് കോളേജിൽ വെച്ച് നടത്തുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതാണ്

5. ക്വട്ടേഷനുകൾ/ലേലനടപടിക്രമങ്ങളുടെ കൂടെ തിരിച്ചറിയൽ രേഖ സമർപ്പിച്ചിട്ടുള്ളവരോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്
6. മേൽ പറഞ്ഞ പ്രകാരം നിരതദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല
7. പരസ്യ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ലേലം ആരംഭിക്കുന്നതിനു മുൻപ് നിരതദ്രവ്യ തുകയായ 5000/- രൂപയും ഒറിജിനൽ തിരിച്ചറിയൽ രേഖയും നൽകേണ്ടതാണ്.
8. ഏറ്റവും കൂടുതൽ തുക ലേലത്തിലൂടെയോ ലേലത്തിന് മുൻപ് സമർപ്പിച്ച ക്വട്ടേഷനുകളിലോ ഏതാണ് കൂടുതൽ എന്നത് നോക്കി ലേലം ഡയറക്ടറുടെ അനുമതിക്ക് വിധേയമായി ഉറപ്പിക്കുന്നതാണ് (ടാക്സ് 18 ശതമാനം)
9. ലേലം കൊള്ളുന്ന വ്യക്തി ലേലം കൊണ്ട തുകയുടെ 50 ശതമാനം ഉടൻ തന്നെ ഓഫിസിൽ അടക്കേണ്ടതും രസീത് കൈപ്പറ്റേണ്ടതുമാണ്. ലേലം വഴിയോ ക്വട്ടേഷൻ വഴിയോ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തി ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചു 2 ദിവസത്തിനകം ലേലത്തുകയുടെ ബാക്കി അടച്ച ശേഷം വാഹനം സ്വന്തം ചിലവിൽ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യേണ്ടതാണ്.
10. ലേലം കൈക്കൊണ്ട വ്യക്തി ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ കോളേജിനുണ്ടാകുന്ന നഷ്ടം ലേലം കൈക്കൊണ്ട വ്യക്തിയിൽ നിന്ന് വസൂലാക്കുന്നതാണ്. പ്രസ്തുത ലേലം 2ാം സ്ഥാനക്കാരന് യാതൊരു കാരണവശാലും സ്ഥിരപ്പെടുത്തി നൽകുന്നതല്ല. തുടർ ലേലത്തിലൂടെയോ പുനർ ലേലത്തിലൂടെയോ മാത്രമായിരിക്കും ലേലം ഉറപ്പിക്കുക.
11. എൽ.ബി.എസ് സെന്റർ/കോളേജ് എന്നിവിടങ്ങളിലെ ജീവനക്കാരോ അവരുടെ ബന്ധുക്കളോ ഈ ലേലത്തിൽ പങ്ക് ചേരുവാൻ പാടുള്ളതല്ല. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയും കരുതിയിരിക്കേണ്ടതാണ്
12. ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉപയോഗിക്കുന്നതും ലേലത്തിൽ പങ്കെടുക്കുന്നവരെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുന്നതും ആയവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിനു കാരണമാകും
13. ലേലനടപടികൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിർത്തിവെക്കുന്നതിനു പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുന്നതാണ്

L.B.S. COLLEGE OF ENGINEERING (A GOVT. OF KERALA UNDERTAKING) KASARAGOD

പ്രിൻസിപ്പൽ
ADMINISTRATIVE OFFICER
LBS COLLEGE OF ENGINEERING
KASARAGOD